**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2615 — 06.02.2018-ൽ മറുപടിക്ക്

**ഊരുമിത്രം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന ഊരുമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി വോളന്റിയർ മാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ? | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19.04.2017ലെ G.O.(Rt) No.1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃ ശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്.<br><br>വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ- അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടു പേരിൽ നിന്നും ദ്വിദിന പരിശീലന/തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു.<br><br>• അതേ ഗോത്രത്തിൽ പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.<br>• എഴുത്തും വായനയും അറിഞ്ഞിരിക്കണം<br>• സന്നദ്ധ സേവനതല്പരയായിരിക്കണം.<br>• വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം. |

**സെക്ഷൻ ഓഫീസർ**